"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന ഹരിതകർമ്മസേനയുടെ വരുമാനകുറവ്/ വരുമാനമില്ലായ്മ നികത്തുന്നതിനായ് 2021 ജൂൺ മാസം മുതൽ നാലുമാസത്തേക്ക് കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മസേനകളുടെ പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.1972/2021/LSGD തീയതി,തിരുവനന്തപുരം, 12/10/2021

---

പരാമർശം:-

1. 02/07/2021 ലെ സ.ഉ.(സാധാ) നം.1250/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
2. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 12.07.2021-ലെ HKM/A2/1218/2018 നമ്പർ കത്ത്
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.08.2021-- ലെ 2152/C5/208/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യൂസർഫീ ഇനത്തിലെ വരുമാനകുറവ് പരിഹരിക്കുന്നതിന് 2021 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്ലാൻ/തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

2. കോവിഡ് പ്രതിസന്ധിയിലും വാതിൽപ്പടി ശേഖരണം നടത്തിയ നിശ്ചിത എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം ഉത്തരവ് പ്രകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിതരണം ചെയ്തിട്ടുണ്ടെന്നും കണ്ടൈൻമെൻറ് സോണുകളിൽ ഇപ്പോഴും സ്ഥാപനങ്ങൾ ഉൾപ്പടെ അടഞ്ഞ് കിടക്കുന്ന സാഹചര്യമുള്ളതിനാൽ ഹരിതകർമ്മ സേനയ്ക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടെന്നും അജൈവ മാലിന്യ ശേഖരണത്തിനിറങ്ങുന്നവർക്ക് യൂസർഫീ ലഭ്യതയിൽ കുറവും, നിരവധി ഹരിതകർമ്മസേനാംഗങ്ങൾ കോവിഡ് ബാധിരാകുന്ന സാഹചര്യവുമുണ്ട് എന്നും മേൽ സാഹചര്യങ്ങൾ പരിഗണിച്ച് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾക്കൊപ്പം ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കൂടി കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന ഹരിതകർമ്മസേനയുടെ വരുമാനകുറവ്/ വരുമാനമില്ലായ്മ നികത്തുന്നതിനായ് പ്ലാൻ/തനത് ഫണ്ടിൽ നിന്ന് വി.ജി.എഫ് തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. ഹരിതകർമ്മ സേനയ്ക്ക് പ്രത്യേക വേതനത്തിന് പുറമെ ഹരിതകർമ്മസേനയുടെ പ്രവർത്തനം ക്രമപ്പെടുത്തി യൂസർ ഫീ സമാഹരണം, പാഴ് വസ്തു വിൽപ്പന, കമ്പോസ്റ്റ് വളം വില്പന, അണു നശീകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഹരിതകർമ്മ സേനയുടെ തൊഴിലും വരുമാനവും

ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കണമെന്നും COVID സുരക്ഷാ ഉപാധികളുടെ ലഭ്യത ഉറപ്പാക്കുന്നതിൽ വ്യക്തത വരുത്തുന്നത് ഉചിതമായിരിക്കുമെന്നും കൂടാതെ വി ജി എഫ് കാലയളവിന് ശേഷവും യൂസർ ഫീ പിരിവും മറ്റ് വരുമാന സ്രോതസുകളിലൂടെയും ഹരിതകർമ്മ സേനയ്ക്ക് വരുമാനം ഉറപ്പാക്കാൻ കഴിയാതെ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക് അവയുടെ തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനയ്ക്ക് അർഹമായ വേതനം നൽകണമെന്നത് പരിഗണിക്കാവുന്നതാണെന്നും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കൂടി കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന ഹരിതകർമ്മസേനയുടെ വരുമാനകുറവ്/ വരുമാനമില്ലായ്മ നികത്തുന്നതിനായി പ്ലാൻ/തനത് ഫണ്ടിൽ നിന്ന് പരാമർശം (1)-ലെ നിർദേശങ്ങൾ പ്രകാരം വി.ജി.എഫ് തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I.** കൃത്യമായ ഇടവേളകളിൽ വാതിൽപ്പടി ശേഖരണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനകൾക്കാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കേണ്ടത്

**ii.** ഹരിതകർമ്മ സേനയ്ക്ക് പ്രത്യേക വേതനത്തിന് പുറമെ ഹരിതകർമ്മസേനയുടെ പ്രവർത്തനം ക്രമപ്പെടുത്തി യൂസർ ഫീ സമാഹരണം, പാഴ് വസ്തു വിൽപ്പന, കമ്പോസ്റ്റ് വളം വില്പന, അണു നശീകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഹരിതകർമ്മ സേനയുടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതും ഹരിതകർമ്മസേന അംഗങ്ങൾക്ക് കോവിഡ് സുരക്ഷാ ഉപാധികളുടെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്

**iii.** വി.ജി.എഫ് കാലയളവിന് ശേഷവും യൂസർ ഫീ പിരിവിലൂടെയും മറ്റ് വരുമാന സ്രോതസുകളിലൂടെയും ഹരിതകർമ്മ സേനയ്ക്ക് വരുമാനം ഉറപ്പാക്കാൻ കഴിയാതെ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനയ്ക്ക് അർഹമായ വേതനം നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 12-10-2021 15:02:06
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്